**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2342** **30-09-2025 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ കെ സ്റ്റോർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ വന്നതിനു ശേഷം കുന്നത്തുനാട് മണ്ഡലത്തിൽ എത്ര റേഷൻകടകളിൽ കെ സ്റ്റോർ പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | റേഷൻകട വൈവിധ്യവത്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായത്തെ ശക്തിപ്പെടുത്തുന്നതിനും റേഷൻകടകളിൽ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനും റേഷൻകട ലൈസൻസികൾക്ക് അധിക വരുമാനം ലഭിക്കുന്നതിനുമായി കെ-സ്റ്റോർ എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. നിലവിൽ റേഷൻകട വഴി നൽകിവരുന്ന സേവനങ്ങൾക്ക് പുറമെ സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ, മിൽമ ഉത്പന്നങ്ങൾ, കശുവണ്ടി വികസന കോർപ്പറേഷന്റെ ഉല്പന്നങ്ങൾ, IOC യുടെ ചോട്ടു ഗ്യാസ് വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ (MSME) ഉൽപ്പാദിപ്പിക്കുന്ന നിത്യോപയോഗ സാധനങ്ങൾ എന്നിവ കെ-സ്റ്റോറുകളിൽ ലഭ്യമാണ്. കൂടാതെ CSC രജിസ്ട്രേഷൻ നടത്തിയിട്ടുള്ള കെ-സ്റ്റോറുകളിൽ നിന്നും 10,000/- രൂപ വരെ AEPS (Aadhar Enabled Payment System) മുഖേനെ പിൻവലിക്കുന്നതിനും നിക്ഷേപിക്കുന്നതിനുമുള്ള മിനി ബാങ്കിങ് സംവിധാനം, യൂട്ടിലിറ്റി ബിൽ പേയ്മെന്റ്, ടിക്കറ്റ് ബുക്കിംഗ് എന്നീ സൗകര്യങ്ങളും ലഭ്യമാണ്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കുന്നത്തുനാട് മണ്ഡലത്തിൽ 17 റേഷൻ കടകളിൽ കെ-സ്റ്റോർ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി ന്യായവിലക്കടകളുടെ നമ്പറുകൾ ചുവടെ രേഖപ്പെടുത്തുന്നു.<br><br>1. FPS 1738041<br><br>2. FPS 1738049<br><br>3. FPS 1738271<br><br>4. FPS 1738186 |

| | | | |
|---|---|---|---|
| | | | 5. FPS 1738141<br>6. FPS 1738247<br>7. FPS 1738188<br>8. FPS 1738193<br>9. FPS 1738248<br>10. FPS 1738056<br>11. FPS 1738096<br>12. FPS 1738195<br>13. FPS 1738126<br>14. FPS 1738036<br>15. FPS 1738092<br>16. FPS 1738089<br>17. FPS 1738050 |
| (ബി) | കെ സ്റ്റോർ വഴി നല്കി വരുന്ന സേവനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | (എ) പിരിവിൽ കാണാവുന്നതാണ് |
| (സി) | കൂടുതൽ റേഷൻ കടകളിലേക്ക് കെ സ്റ്റോർ പദ്ധതി വ്യാപിപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കാമോ? | (സി) | കൂടുതൽ റേഷൻ കടകളിലേയ്ക്ക് കെ-സ്റ്റോർ പദ്ധതി വ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 26.04.2024 ലെ സ. ഉ. (സാധാ)നം. 167/2023/F&CS നമ്പർ ഉത്തരവ് പ്രകാരം കെ-സ്റ്റോർ പദ്ധതി നടപ്പാക്കുന്നത് 2 കിലോമീറ്റർ ചുറ്റളവിനുള്ളിൽ അക്ഷയ സെന്ററുകൾ, ബാങ്കുകൾ, സപ്ലൈകോ ഔട്ട് ലെറ്റുകൾ എന്നിവ ഇല്ലാത്ത റേഷൻ കടകളിലായിരിക്കണം എന്ന നിബന്ധന മാറ്റി 13.12.2024 ലെ സ. ഉ. (സാധാ)നം. 398/2024/F&CS നമ്പർ ഉത്തരവ് പ്രകാരം റേഷൻ കടകൾ കെ-സ്റ്റോറുകളാക്കി മാറ്റാൻ സ്വമേധയാ തയ്യാറെടുക്കുന്ന എല്ലാ ലൈസൻസികൾക്കും എന്ന് തിരുത്തൽ വരുത്തിഉത്തരവായിട്ടുണ്ട്. 2135 കെ-സ്റ്റോറുകൾ സംസ്ഥാനത്ത് നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ